<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3695</u> <u>02-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ജലഗതാഗതം വ്യാപിപ്പിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗതത്തിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും അതുവഴി ചെലവ് കുറഞ്ഞതും വളരെ സുരക്ഷിതവും ആധുനിക സൗകര്യങ്ങളോട് കൂടിയതുമായ യാത്രാ മാർഗം പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു എന്ന് വിശദമാക്കാമോ? | (എ) | ജലഗതാഗതത്തിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, ചെലവ് കുറഞ്ഞതും, വളരെ സുരക്ഷിതവും, ആധുനിക സൗകര്യങ്ങളോട്ടു കൂടിയതുമായ യാത്രാമാർഗ്ഗം പൊതുജനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. <u>വാട്ടർ ടാക്സി2:</u> യാത്രക്കാർക്ക് അതിവേഗം ലക്ഷ്യ സ്ഥാനങ്ങളിൽ എത്തുവാൻ സാധിക്കുന്ന ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. 10 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള ബോട്ടാണിത്.<br><br>2. <u>വാട്ടർ ടാക്സി 1</u> : ഇന്ത്യയിലെ തന്നെ ആദ്യത്തെ വാട്ടർ ടാക്സി വിനോദസഞ്ചാര മേഖലയിലും, പൊതുജനങ്ങൾക്കും ജലഗതാഗതം സുഗമമാക്കുന്നു.<br><br>3. <u>വേഗ 2</u> : പാതിരാമണൽ, കുമരകം, എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്നീ ഉദ്ദേശത്തോട്ടു കൂടിയും യാത്രക്കാർക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിൽ എത്തുന്നതിനും ആലപ്പുഴ -കുമരകം റൂട്ടിലുള്ള 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള ബോട്ട്.<br><br>4. <u>വേഗ 1</u> : 120 പാസഞ്ചർ കപ്പാസിറ്റിയുള്ള അതിവേഗ ദീർഘദൂര ഫെറിയാണ്. വൈക്കത്തു നിന്ന് എറണാകുളത്തേക്ക് കുറഞ്ഞ സമയദൈർഘ്യത്തിലും റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും ലക്ഷ്യസ്ഥാനത്ത് എത്തുന്നു.<br><br>5.<u>ആദിത്യ സോളാർ ബോട്ട്</u> - 75 കപ്പാസിറ്റിയുള്ള തവണക്കടവ്- വൈക്കം റൂട്ടിൽ സർവ്വീസ് നടത്തുന്നു.<br><br>6. <u>സീ-കുട്ടനാട്</u> : 90 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് ട്ട ഡെക്കർ പാസ്സഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു.<br><br>7. എറണാകുളം - വരാപ്പുഴ സർവ്വീസ് ആരംഭിച്ചു.<br><br>8. വൈറ്റില ഹബ്ബിൽ നിന്നും കാക്കനാട്ടേയ്ക്ക് സർവ്വീസ് ആരംഭിച്ചു.<br><br>ഇവയെല്ലാം കൂടാതെ 4 വാട്ടർ ടാക്സി, 2 കാറ്റാമറൈൻ ബോട്ടുകൾ, 75 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള 2 കാറ്റാമറൈൻ ബോട്ടുകൾ. കൊല്ലം ജില്ലയിലേക്ക് വേണ്ടി 2 ഡെക്കുകൾ ഉള്ള പാസ്സഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ, 75 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള 280 kwh സോളാർ ബോട്ടുകൾ എന്നിവയുടെ നിർമ്മാണവും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ